# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *213 — 12.03.2020-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.അനൂപ് ജേക്കബ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ രൂക്ഷമായ വരൾച്ച ക്ഷീരകർഷകരെ ബാധിച്ചിട്ടുണ്ട്. പച്ചപ്പുല്ലിന്റേയും ശുദ്ധ ജലത്തിന്റേയും ലഭ്യതകുറവ് കാരണം പാലുല്പാദനത്തിൽ നേരിയ കുറവ് സംഭവിച്ചിട്ടുണ്ട്.<br>ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണം 2019 ഡിസംബറിൽ 19.1 ലക്ഷം ലിറ്ററും 2020 ജനുവരിയിൽ 18.69 ലക്ഷം ലിറ്ററുമാണ്. രൂക്ഷമായ വരൾച്ച കാരണം 41,000 ലിറ്ററിന്റെ കുറവ് പ്രതിദിനം ഉണ്ടായിട്ടുണ്ട്. പാൽ ഉല്പാദനത്തിൽ ഉണ്ടായ കുറവ് ഇപ്പോൾ പരിഹരിച്ചു വരികയാണ്. |
| (ബി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് മിൽക്ക് ഷെഡ് പ്രോഗ്രാം എത്രമാത്രം സഹായകമായി എന്നറിയിക്കാമോ; | (ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി 2016-17, 2017-18 വർഷങ്ങളിൽ തെരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ ഡയറി സോണും 2016-17 മുതൽ എല്ലാ തുടർവർഷങ്ങളിലും തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ക്ഷീരനവോത്ഥാനം പദ്ധതിയും 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്കുകൾ നടപ്പിലാക്കിയതിലൂടെയും കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് കൊണ്ടു വരുന്നതിനും പാലുല്പാദനത്തിൽ നമ്മുടെ ആവശ്യകതയുടെ 85%-ത്തിലധികം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിലൂടെയുള്ള പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 2016-17-നേക്കാൾ, 2019-20-ൽ ക്ഷീര സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത വേനൽമൂലം കുറഞ്ഞ സാഹചര്യത്തിൽ ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും ഒരു ലിറ്റർ പാലിന് 4/- രൂപ വരെ കാലിത്തീറ്റ സബ്സിഡി / മിൽക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടായ വരൾച്ച കണക്കിലെടുത്ത് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുള്ള ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചും സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തി ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ തീറ്റപ്പുല്ല് ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. തൻവർഷം 73 ഹെക്ടർ സ്ഥലത്ത് തരിശുഭൂമിയിൽ പുൽകൃഷി നടപ്പിലാക്കി വരുന്നു. രൂക്ഷമായ വേനൽ കാരണം ശുദ്ധജലത്തിന്റെ ലഭ്യത കുറവ് പരിഹരിക്കുന്നതിനായി മഴവെള്ള സംഭരണിയും മറ്റ് ജലസ്രോതസ്സുകളും നിർമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

തീറ്റപ്പുല്ലിന്റെ ലഭ്യതയുടെ കുറവ് നികത്തുന്നതിനായി ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് വൈക്കോൽ ലഭ്യമാകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളം, പുല്ല് എന്നിവയുടെ വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ പുൽ വിത്തുകൾ നൽകി വരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് കാലിത്തീറ്റ ഫാക്ടറിയിൽ നിന്നും ലഭ്യമാക്കി വരുന്നു.

എറണാകുളം മേഖല യൂണിയൻ കുറഞ്ഞ നിരക്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൈക്കോൽ സംഭരിച്ച് സംഘങ്ങൾ മുഖേന വിതരണം നടത്തുന്നുണ്ട്. കൂടാതെ കിലോയ്ക്ക് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

മലബാർ മേഖല യൂണിയൻ നിലവിൽ ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച്

നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 2702 മെട്രിക് ടൺ ചോളം സൈലേജും 4169.5 മെട്രിക് ടൺ പച്ചപ്പുല്ലും 1099 മെട്രിക് ടൺ ചോളപ്പുല്ലും ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വൈക്കോൽ, ചോളപ്പൊടി, പിണ്ണാക്കുകൾ തുടങ്ങി മറ്റു ഖരാഹാര തീറ്റകളും മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് വരുന്നുണ്ട്.

(ഡി) ക്ഷീരസംഘങ്ങളിൽ പൂർണ്ണമായി ആട്ടോമേഷൻ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ?

(ഡി) ക്ഷീരസംഘങ്ങളിൽ പൂർണ്ണമായും ഓട്ടോമേഷൻ നടത്തുന്നതിന് ആലോചിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ സംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏറെക്കുറെ പൂർത്തിയാക്കി വരുന്നു.

കൂടാതെ സംസ്ഥാനതലത്തിൽ ക്ഷീര സംഘങ്ങളിൽ ഒരു യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പാൽ സംഭരണത്തിനും ഗുണമേന്മ രേഖപ്പെടുത്തുന്നതിനും സംഘത്തിന്റെ അക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള പരിപൂർണ്ണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും വിവിധ തലങ്ങളിൽ ആയതു മോണിറ്ററിംഗ് ചെയ്യുന്നതിനും സൗകര്യപ്രദമായ ഒരു Web അധിഷ്ഠിത software രൂപപ്പെടുത്തുന്നതാണ്. സംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന സാധിക്കുന്നതാണ്. ഇതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാൽ സംഭരണം, വിതരണം സംബന്ധിച്ച വിവരം മിൽമയ്ക്ക് ഷെയർ ചെയ്യത്തക്ക രീതിയിലും ഭാവിയിൽ ഓഡിറ്റ് അടക്കമുള്ളവ നടത്താനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുള്ള സോഫ്റ്റ് വെയറാണ് വിഭാവനം ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**